സാധനങ്ങൾ പായ്ക്കറ്റുകളിലാക്കി സ്വയം തെരഞ്ഞെടുക്കുവാനുള്ള സൗകര്യം, ആകർഷണീയമായ രീതിയിലുള്ള പ്രദർശനം, കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് തുടങ്ങിയവ ഈ സ്റ്റോറുകളുടെ പ്രത്യേകതകളാണ്. കൂടാതെ ഏകദേശം 250-ൽപ്പരം നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്തുവരുന്നു.

(സി) മാവേലി സ്റ്റോറുകളില്ലാത്ത 161 ഗ്രാമപഞ്ചായത്തുകളിൽ ഇവ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ മാവേലി സ്റ്റോറുകളിൽ നടന്ന വ്യാപാരം

63 [2813] *ശ്രീ. എ. സി. ഷൺമുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, നൻമണ്ട, പനങ്ങാട് പഞ്ചായത്തുകളിലെ മാവേലി സ്റ്റോറുകളിൽ 2005 ജൂൺ 30 വരെ എത്ര രൂപയുടെ വ്യാപാരം നടന്നിട്ടുണ്ട്;

(ബി) ഈ മാവേലി സ്റ്റോറുകളിൽ കൃത്യസമയത്ത് സാധനസാമഗ്രികൾ എത്തിക്കുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, നൻമണ്ട, പനങ്ങാട് എന്നീ പഞ്ചായത്തുകളിലെ 7 മാവേലി സ്റ്റോറുകളിൽക്കൂടി 2005 ജൂൺ 30 വരെ ഈ സാമ്പത്തികവർഷം 53,33,356 രൂപയുടെ വ്യാപാരം നടന്നിട്ടുണ്ട്.

(ബി) മാവേലി സ്റ്റോറുകളിൽ ആവശ്യമായ സാധനങ്ങൾ സെൻട്രൽ പർച്ചേസ്, ലോക്കൽ പർച്ചേസ് എന്നിവവഴി അതതു ഡിപ്പോകളിൽനിന്ന് ബന്ധപ്പെട്ട മാവേലി സ്റ്റോറുകൾക്ക് നൽകിയിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ സ്റ്റോക്കില്ലാത്ത അവസ്ഥ ഉണ്ടായാൽ അടുത്ത ഡിപ്പോയിൽനിന്നും സാധനങ്ങൾ എത്തിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ വിതരണത്തിന് എല്ലാ ഡിപ്പോകളിലും ചരക്കുവാഹനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

GPM. 2/587/2012.—14

LIBRARY ARCHIVES Kerala Legislative Assembly